# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1717

22.3.2012 ൽ മറുപടിയ്ക്ക്

## സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചത് എന്നു മുതലാണ്; | 29.5.2007ലെ ജി.ഒ. (പി) നം.221/07/ധന പ്രകാരം 2008 ജനുവരി മുതലാണ് അപകട ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചത്. |
| (ബി) സർക്കാർ ജീവനക്കാർ എത്ര രൂപയാണ് പ്രീമിയം ഇനത്തിൽ അടയ്ക്കേണ്ടത്; | 2012 കലണ്ടർവർഷം 200/- രൂപ സേവന നികുതിയുൾപ്പെടെ പ്രീമിയമായി അടയ്ക്കേണ്ടതുണ്ട്. |
| (സി) പ്രീമിയം തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വർദ്ധിപ്പിക്കാനുള്ള സാഹചര്യം എന്ത്; ഏത് ഇൻഷ്വറൻസ് കമ്പനിയാണ് പ്രസ്തുത സ്കീം നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്; | പ്രീമിയം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. 29.5.2007ലെ ഉത്തരവ് പ്രകാരം 2008, 2009, 2010 എന്നീ മൂന്നു വർഷക്കാലം 50/- രൂപയായിരുന്ന പ്രീമിയം 2011ൽ 100/- രൂപയായും ഇപ്പോൾ (2012ൽ) 200/- രൂപയായും വർദ്ധിപ്പിച്ചു. ക്ലെയിമുകളിലുണ്ടായ വർദ്ധനവ് കാരണം ടി പദ്ധതി ലാഭനഷ്ടമില്ലാത്ത തരത്തിൽ നടപ്പാക്കുന്നതിനായി ഇൻഷ്വറൻസ് ഡയറക്ടർ നിർദ്ദേശിച്ച പ്രകാരമാണ് തുക വർദ്ധിപ്പിച്ചത്. 2008 മുതൽ 2010 വരെ 70:30 അനുപാതത്തിൽ നാഷണൽ ഇൻഷ്വറൻസ് കമ്പനിയും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും, 2011 മുതൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് തനിച്ചും സ്കീം നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| (ഡി) നാളിതുവരെ എത്ര പേർക്ക് ആയതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ? | 2008ൽ 75, 2009ൽ 64, 2010ൽ 40 എന്നിങ്ങനെ ക്ളെയിമുകൾ നാഷണൽ ഇൻഷ്വറൻസ് കമ്പനിയും ഇൻഷ്വറൻസ് വകുപ്പും കൂടി തീർപ്പാക്കി. 2011ൽ ഇൻഷ്വറൻസ് വകുപ്പ് 61 ക്ളെയിമുകൾ തീർപ്പാക്കി. |

സെക്ഷൻ ഓഫീസർ